LIBRARY ARCHIVES Kerala Legislative Assembly

6. അനധികൃതമായി കുന്നിടിച്ച് മണ്ണെടുക്കൽ

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, എന്റെ നിയോജക മണ്ഡലത്തിലെ ചെങ്ങന്നൂർ താലൂക്കിൽ വെണ്മണി, മുളക്കുഴ പഞ്ചായത്തുകളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയാണ്. ഇതിന് ഒരു പ്രധാനപ്പെട്ട കാരണം ഈ പഞ്ചായത്തുകളിലെ കുന്നുകൾ മുഴുവൻ ഇടിച്ച് മണ്ണെടുത്തുകൊണ്ടു പോകുന്നതാണ്. റെയിൽവേ ഡബ്ലിംഗുമായി ബന്ധപ്പെട്ടാണ് മണ്ണെടുത്തു കൊണ്ടുപോകുന്നത് എന്നാണ് പറയുന്നത്. അങ്ങനെ പാസ്സുള്ള വണ്ടികളും ഉണ്ട്. അതിന്റെ പേരിൽ വ്യാപകമായി കുന്നിടിച്ച് മണ്ണെടുത്തുകൊണ്ട് പോയിരിക്കുകയാണ്. റെയിൽവേയുടെ പാസ്സുള്ള രണ്ട് വണ്ടികൾ പോകുമ്പോൾ മറുവശത്തുനിന്നും ഇരുപത്തിയഞ്ച് വണ്ടികൾ പോകുകയാണ്. രാത്രിയിൽ റെയിൽവേക്കുവേണ്ടി മണ്ണെടുത്തുകൊണ്ടുപോകുന്നില്ല. എന്നാൽ രാത്രി കാലങ്ങളിലും നൂറുകണക്കിന് വാഹനങ്ങൾ ഈ പഞ്ചായത്തുകളിൽ പോയി കുന്നുകൾ മുഴുവൻ ഇടിക്കുന്നു. ആ രണ്ട് പഞ്ചായത്തിലും ഒരു കുന്നും അവശേഷിക്കുന്നില്ല. അതിരൂക്ഷമായ കുടിവെള്ള ക്ഷാമം ഈ പ്രശ്നംമൂലം ഉണ്ടായിരിക്കുകയാണ്. കളക്ടറും ആർ.ഡി.ഒ.-യുമായി ബന്ധപ്പെട്ട് അനധികൃത മായി കുന്നിടിച്ച് മണ്ണ് കൊണ്ടുപോകുന്നത് തടയുന്നതിനും അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും സർക്കാർ തലത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, സംസ്ഥാനത്ത് അനധികൃതമായി കുന്നിടിക്കുന്നതുൾപ്പെടെ തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ശ്രീ. പി.സി. വിഷ്ണുനാഥ് ഇവിടെ ചൂണ്ടിക്കാണിച്ചത് അതീവഗൗരവമുള്ള ഒരു വിഷയം തന്നെയാണ്. കായംകുളം-ചേപ്പാട്, ചേപ്പാട്-ഹരിപ്പാട്, ഹരിപ്പാട്-അമ്പലപ്പുഴ, കായംകുളം-ചെങ്ങന്നൂർ റൂട്ടുകളിൽ റെയിൽപ്പാത ഇരട്ടിപ്പിക്കൽ, റോഡ് വീതികൂട്ടൽ തുടങ്ങിയ വികസനപ്രവർത്തനങ്ങൾ ഇന്ന് വളരെ ദ്രുതഗതിയിൽ നടന്നുവരികയാണ്. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ മണ്ണ് ലഭിക്കാത്ത സാഹചര്യം ഇതിന് പല തടസ്സങ്ങളും ഉണ്ടാക്കുന്നു. വികസനപ്രവർത്തനം തടസ്സപ്പെടുന്നുവെന്ന് റെയിൽവേ അധികൃതർ സർക്കാരിന് നിരന്തരം പരാതി നൽകിയതിനാൽ മണ്ണ് ലഭ്യതയുള്ള മുളക്കുഴ പഞ്ചായത്തിൽ ആർ.ഡി.ഒ. നൽകുന്ന അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ മണ്ണെടുക്കുന്നതിന് അനുവാദം നൽകുകയുണ്ടായി. ഈ മണ്ണെടുപ്പിന്റെ മറവിൽ അനധികൃത നടപടികൾ ഉണ്ടാകാതിരിക്കുന്നതിന് കർശനമായ ചില നിരീക്ഷണ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. എന്നാൽ തന്നെയും ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇതിന്റെ മറവിൽ ഹിൽ ഇടിക്കാനും മണ്ണ് കൊണ്ടുപോകാനുമുള്ള ശ്രമങ്ങൾ നടക്കുന്നു. അത് തടയാനാവശ്യമായ നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. കുടിവെള്ളത്തിന്റെ പ്രശ്നങ്ങളും ഈ പ്രദേശങ്ങളിൽ നേരിടുന്നു. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞവർഷം മുളക്കുഴ, വെണ്മണി തുടങ്ങിയ പ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമം നേരിട്ടപ്പോൾ വെള്ളം എത്തിച്ചുകൊടുക്കാൻ ഗവൺമെന്റ് ചില നടപടികൾ സ്വീകരിച്ചിരുന്നു. അതുപോലെ ഈ

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിലും വെള്ളമെത്തിക്കാൻ നടപടി സ്വീകരിക്കാം. ഞങ്ങൾ ഒരു പ്രത്യേക നിർദ്ദേശം കൊടുത്തിരിക്കുന്നത് എം.എൽ.എ. പ്രത്യേകമായി ചൂണ്ടിക്കാണിക്കണം, ഗ്രാമപഞ്ചായത്ത് റെസല്യൂഷൻ പാസ്സാക്കണമെന്നാണ്. കാരണം ഈ സന്ദർഭത്തിൽ കുറച്ച് ബുദ്ധിമുട്ടുകൾ എല്ലാ നടപടികളിലും വരുന്നുണ്ട്. തെരഞ്ഞെടുപ്പിന്റെയൊക്കെ സമയമായതുകൊണ്ട് ഉദ്യോഗസ്ഥന്മാരുടെ, കുറച്ച് അഭാവമുണ്ട്. അതുകൊണ്ട് എം.എൽ.എ. നിർദ്ദേശിക്കുക, ബന്ധപ്പെട്ട ലോക്കൽ ബോഡീസിന്റെ റെസല്യൂഷൻ എടുക്കുക, റവന്യൂ ഡിപ്പാർട്ടുമെന്റ് കളക്ടറുടെ നിർദ്ദേശം അനുസരിച്ച് അടിയന്തരമായി വെള്ളം എത്തിക്കുക. അതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും കൊടുത്തിട്ടുണ്ട്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ സ്ഥലത്ത് ഞാൻ പ്രത്യേകമായി നിർദ്ദേശം കൊടുക്കാം.

7. കൊടുങ്ങല്ലൂർ-അങ്കമാലി റോഡ് വീതി കൂട്ടൽ

ശ്രീ. എ. കെ. ചന്ദ്രൻ : സർ, എൻ.എച്ച്.17-നെയും എൻ.എച്ച്.47-നെയും ബന്ധപ്പെടുത്തുന്നതും കൊടുങ്ങല്ലൂരിൽ നിന്ന് അങ്കമാലി വളരെ എളുപ്പത്തിൽ എത്താവുന്നതുമാണ് കൊടുങ്ങല്ലൂർ-പൊയ്യ-പൂപ്പത്തി-കൂഴൂർ-മൂഴിക്കുളം-വട്ടപ്പറമ്പ് -അങ്കമാലി റോഡ്. ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് നെടുമ്പാശ്ശേരി വിമാനത്താവളം, അങ്കമാലി റെയിൽവേ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ എത്തുന്നതിനുള്ള പ്രധാനപ്പെട്ട മാർഗ്ഗവും ഇതുതന്നെയാണ്. എന്നാൽ റോഡിന് വേണ്ടത്ര വീതിയില്ലാത്തതുകൊണ്ട് ഗതാഗതക്കുരുക്ക് നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പ്രവർത്തനം തുടങ്ങിയതോടെ വർദ്ധിക്കുന്ന ഗതാഗതക്കുരുക്കിന് ഒരു ചെറിയ പരിഹാരവും ഈ റോഡ് തന്നെയാണ്. ആയതിനാൽ എത്രയും വേഗം ഈ റോഡിന് ആവശ്യമായ വീതി കൂട്ടി ഗതാഗത സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, കൊടുങ്ങല്ലൂർ-പൊയ്യ-പൂപ്പത്തി-കൂഴൂർ -മൂഴിക്കുളം-വട്ടപ്പറമ്പ്-അങ്കമാലി റോഡ് എറണാകുളം ജില്ലയിലും തൃശൂർ ജില്ലയിലുമായി സ്ഥിതിചെയ്യുന്നതാണ്. നിലവിൽ ഈ റോഡ് വികസിപ്പിക്കുന്നതിന് പദ്ധതികൾ ഒന്നുംതന്നെ ആവിഷ്ക്കരിച്ചിട്ടില്ല. ഈ റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഈ റോഡിന്റെ പ്രാധാന്യമാണ് ശ്രീ. എ. കെ. ചന്ദ്രൻ ഇവിടെ സൂചിപ്പിച്ചത്. ആ പ്രാധാന്യംവച്ചുകൊണ്ട് ഇത് സംബന്ധിച്ച് അടിയന്തരശിപാർശ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

8. സെക്രട്ടേറിയറ്റ് പടിക്കലെ റിലേ സത്യാഗ്രഹം

ശ്രീ. എൻ. ശക്തൻ : സർ, വി.എസ്.ഡി.പി. കഴിഞ്ഞ നാല് വർഷമായി സെക്രട്ടേറിയറ്റ് പടിക്കൽ സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. ഇതിൽ 166 ദിവസമായി അവർ റിലേ നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുന്നു. നാടാർ സമുദായത്തിലെ മുഴുവൻ ആളുകൾക്കും മതവ്യത്യാസമില്ലാതെ സംവരണം